## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 182

07.07.2015- ൽ മറുപടിക്ക്

## നീതി, നന്മ സ്റ്റോറുകൾ

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ
,, വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.കെ.രാജു

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കുമോ ;

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ 89 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ കൂടുതലായി വസിക്കുന്ന ഗ്രാമപ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകി പൊതുജനങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായാണ് പ്രസ്തുത സ്റ്റോറുകൾ ആരംഭിക്കുന്നത്.

1. ഔഷധങ്ങളും അനുബന്ധ ഉപകരണങ്ങളും മൊത്തമായി സംഭരിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ലഭ്യമാക്കണം.
2. 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടത്തിലാണ് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കേണ്ടത്. അവശ്യഘട്ടങ്ങളിൽ ഇത് 170 ചതുരശ്ര അടിയായി കുറയ്ക്കാവുന്നതാണ്.
3. സ്റ്റോറിൽ യോഗ്യതയുള്ള ഫാർമസിസ്റ്റ് ഉണ്ടായിരിക്കണം.
4. സ്റ്റോറിന് ആരോഗ്യവകുപ്പിൽ നിന്നുള്ള ലൈസൻസ് നേടിയിരിക്കണം.

| | |
|---|---|
| (ബി) നീതി മെഡിക്കൽ സ്റ്റോറുകളിൽ എത്ര ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്നുണ്ട് ; | (ബി) ഇൻസുലിൻ മരുന്നുകൾ പരമാവധി വിൽപ്പന വിലയിൽ നിന്നും 10 ശതമാനം വിലക്കുറവിലും, മറ്റ് മരുന്നുകൾ എം.ആർ.പി.യെക്കാൾ 10 മുതൽ 40 വരെ ശതമാനം വിലക്കുറവിലുമാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്. |
| (സി) നീതി മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനകം എത്ര സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയെന്ന് അറിയിക്കാമോ ? | (സി) കൺസ്യൂമർഫെഡ് ഭരണ സമിതിയുടെ തീരുമാനപ്രകാരം പ്രതിമാസം ഒരു ലക്ഷം രൂപയിൽ കുറവ് വില്പനയുള്ള 7 മെഡിക്കൽ സ്റ്റോറുകൾ നിറുത്തലാക്കിയിട്ടുണ്ട്. കൂടുതൽ നീതി സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ